മാറാട് മത്സ്യഗ്രാമം പദ്ധതി

137 (138) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മാറാട് മത്സ്യഗ്രാമം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ തീരുമാനിച്ച വികസന പ്രവൃത്തികൾ ഏതെല്ലാമാണെന്നും, ഓരോന്നിനും നിർദ്ദേശിച്ച ഇക എത്രയാണെന്നും വിശദീകരിക്കാമോ ;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാവുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി മാറാട് മത്സ്യഗ്രാമത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന 70.00 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിയിൽനിന്നും സാങ്കേതികാനുമതി ലഭിക്കുകയും പദ്ധതി നിർവ്വഹണത്തിനായി ഫണ്ട് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. പദ്ധതി ആരംഭഘട്ടത്തിലാണ്. 7.00 ലക്ഷം രൂപയുടെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പദ്ധതി പുരോഗമിക്കുന്നു. മാറാട്, ബേപ്പൂർ മത്സ്യഗ്രാമങ്ങളിലായി കേരള ഇലക്ട്രിസിറ്റി ബോർഡ് മുഖേന നടപ്പിലാക്കുന്ന 25.90 ലക്ഷം രൂപയുടെ വൈദ്യുതീകരണം പദ്ധതി പുരോഗമിക്കുന്നു. മാറാട് മത്സ്യഗ്രാമം പദ്ധതിയിൽ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് മുഖേന 59 മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് 2.5 ലക്ഷം രൂപ വീതം വീട് നിർമ്മാണധനസഹായം അനുവദിക്കുകയും 57 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുകയും 2 ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിന്റെ അവസാനഘട്ടം (കോൺക്രീറ്റ് റൂഫ് ഘട്ടം) പൂർത്തീകരണത്തിലുമാകുന്നു. ഈ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ആകെ 145.5 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി മാറാട് മത്സ്യഗ്രാമത്തിൽ 70.00 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 7.00 ലക്ഷം രൂപയുടെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നിവയും, മാറാട്, ബേപ്പൂർ മത്സ്യഗ്രാമങ്ങളിലായി 26 ലക്ഷം രൂപയുടെ വൈദ്യുതീകരണം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(സി) കുടിവെള്ള പദ്ധതി, വൈദ്യുതീകരണം എന്നിവ 6 മാസത്തിനകം പൂർത്തിയാകും. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് 3 മാസത്തിനകം പൂർത്തിയാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly